# എ എൽ പി എസ് കാന്തല്ലൂർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 -2026





# ആമുഖം

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയത്തിലെത്തിക്കുവാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നല്കുക എന്നത് കേരളത്തിലെ വിദ്യാഭ്യാസ രംഗം നേരിടുന്ന വലിയ വെല്ലുവിളിയാണ്. 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തെ തുടർന്ന് ഗുണമേന്മ ലക്ഷ്യം വച്ചുള്ള വ്യപകമായ അടിസ്ഥാന വികസന സൗകര്യവും, അധ്യാപക പരിശീലന പരിപാടികളും നടന്നു. ഇതോടൊപ്പം ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവും പ്രക്രിയ ബന്ധിതവു മാക്കി, കാലോചിതമാക്കുന്നതിനുള്ള പരിശ്രമവും ഉണ്ടായി. ഇതിന്റെ ഫലമായി അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ്സ് മുറികളിൽ നടക്കേണ്ടതെന്ന തിരിച്ചറിവുണ്ടായി.

കാലത്തിനനുസരിച്ചുള്ള കരിക്കുലം പരിഷ്ക്കരണമാണ് അക്കാദമിക മികവിന്റെ അടിസ്ഥാനം. സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി സ്കൂളു കളിൽ നടപ്പിലാക്കി. അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുവാനും, ഓരോ ക്ലാസ്സിലും വിഷയത്തിലും, പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ, മൂല്യങ്ങൾ, മനോഭാവങ്ങൾ നേടുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായി മാറുകയാണ്.അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ട് ഭൗതികവും സാമൂഹികവുമായ പുരോഗതി യും ലക്ഷ്യം വയ്ക്കുന്ന വിദ്യാലയ വികസന പദ്ധതിയുടെ ആസൂത്രണ മാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ വഴി ലക്ഷ്യം വയ്ക്കുന്നത്. വൈവിദ്ധ്യമാർന്നതും തനിമയാർന്നതുമായ അന്വേഷണങ്ങളിലൂടെയും, ഇടപെടലുകളിലൂടെയും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റാം.

പാഠ്യപദ്ധതിയുടെ പുനരവലോകനവും പിന്നോക്ക വിഭാഗത്തിനും ഭിന്നശേ ഷിക്കാരായ വിദ്യാർത്ഥികൾക്കും ഉപയോഗപ്രദമാകുന്ന പദ്ധതികളും പഠന പ്രവർത്തനങ്ങളും പ്രത്യേകമാംവിധം ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഓരോ ക്ലാസ്സിലേയും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ട പഠനനിലവാരം നിഷ്കർഷി ക്കുകയും അതിൽ കുറവുള്ളത് കണ്ടെത്തുകയും കുറവിന് കാരണവും പരിഹാരവും വിലയിരുത്തി നടപ്പിലാക്കേണ്ടതാണ്. അങ്ങനെ തികച്ചും വിദ്യാർത്ഥി കേന്ദ്രീകൃതമായ ലക്ഷ്യങ്ങളാണ് മാസ്റ്റർ പ്ലാൻ ഉന്നം വയ്ക്കുന്നത്.

ഓരോ കുട്ടികളുടെയും കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുവാനും പരിമിതികൾ മറികടക്കാനുമുള്ള അവസര ങ്ങളാണ് ഈ പ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സ്വയം പഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാക്കാനുള്ള ശ്രമങ്ങൾ ഇവിടെ നടത്തിയിട്ടുണ്ട്.

മത്സരാധിഷ്ഠിത ലോകത്തെ അതിജീവിക്കാൻ ആത്മവിശ്വാസവും സ്വയം പര്യാപ്തതയും അറിവും പ്രാപ്തിയും ഈ വിദ്യാലയത്തിലെ ഓരോ വിദ്യാർത്ഥിയും കൈവരിക്കുമെന്ന് ഉറപ്പാക്കുന്ന കർമ്മ പദ്ധതിയാണ് ഈ മാസ്റ്റർ പ്ലാനിലൂടെ അവതരിപ്പിക്കപ്പെടുന്നത്.

## ദർശനം

"കേരളത്തിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠനനേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും സംജാതമാവുന്നു."

## ലക്ഷ്യങ്ങൾ

- വിദ്യാലയത്തിൽ എത്തിച്ചേരുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- ഓരോ ക്ലാസ്സിലും നേടേണ്ട പഠന ശേഷികൾ എല്ലാകുട്ടികളും കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക.
- അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ട് ചെറുതും വലുതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠനപ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു. .
- വിദ്യാലയത്തിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ്സ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തിപരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.
- അക്കാദമിക മികവിന് ഉപകരിക്കുന്ന രീതിയിൽ ദീർഘവീക്ഷണത്തോടെ ഭൗതിക സാഹചര്യം വർദ്ധിക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

- "ലോകം മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം" എന്ന നെൽസൺ മണ്ടേലയുടെ കാഴ്ചപ്പാട് സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കി പണിയുക.
- കുട്ടികളുടെ ശേഷികളും ധാരണകളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കാൻ പര്യാപ്തമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ പൂർണ്ണതാല്പര്യത്തോടെ കുട്ടികളെ പങ്കെടുപ്പിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കൽ.
- ശുചിത്വം, പരിസ്ഥിതി സംരക്ഷണം, സ്നേഹം സഹകരണം, സാമൂഹ്യ ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും ഒരുക്കൽ.
- പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ.
- കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിശാലമായ കളി സ്ഥലവും, കളിയുപകരണങ്ങളും സജ്ജമാക്കൽ.
- ആധുനിക സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പഠനം ക്ലാസ്സ് റൂമിൽ നടപ്പാക്കൽ.(സ്മാർട്ട് ക്ലാസ്സ് റൂം, എൽ.സി.ഡി പ്രോജക്ടർ, സ്കീൻ, ലാപ്ടോപ്പ് തുടങ്ങിയവ)
- ഭിത്തികൾ കൊണ്ട് വേർതിരിച്ച ക്ലാസുകൾ, ഓരോ പഠനതന്ത്രങ്ങൾക്കും അനുയോജ്യമായ സൗകര്യങ്ങൾ ക്ലാസ്സ് റൂമിൽ ഒരുക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ

- എസ്.ആർ.ജി യോഗത്തിൽ അക്കാദമിക മാസ്റ്റർ പ്ലാൻ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും- ചർച്ചയും
- വികസനാവശ്യങ്ങൾ ക്ലാസ്സടിസ്ഥാനത്തിൽ ഭൗതിക-അക്കാദമികം-സാമൂഹികം- എന്നിങ്ങനെ തരം തിരിച്ച് കരട് രൂപ രേഖ തയ്യാറാക്കൽ
- കരട് രൂപ രേഖ എസ്.ആർ.ജി, എസ്.എം.സി, പി.ടി.എ, എം.പി.ടി.എ,ഒ എസ്.എ എസ്.ടി പൂർവ്വവിദ്യാർത്ഥികൾ, ജനപ്രതിനിധികൾ തുടങ്ങിയ വരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ.
- ശിൽപശാലയിൽ ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ കൂട്ടിചേർക്കൽ.
- പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

## നിലവിലെ അവസ്ഥ വിശകലനം

കോൺക്രീറ്റിട്ട രണ്ട് സ്കൂൾ കെട്ടിടങ്ങൾ ആണുള്ളത്. ഭിത്തികൾ കൊണ്ട് വേർതിരിച്ച 5 ക്ലാസ്സ് മുറികൾ, ഓഫീസ് റൂം, കമ്പ്യൂട്ടർ ലാബ്, ഭിത്തികൾ കൊണ്ട് വേർതിരിക്കാത്ത 5 ക്ലാസ്സ് മുറികൾ എന്നിവയുണ്ട്. പ്രീ- പ്രൈമറി, തമിഴ് മീഡിയം, മലയാളം മീഡിയം ഉൾപ്പെടെ 150 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. സിസ്റ്റേഴ്സ് ഉൾപ്പെടെ 8 അദ്ധ്യാപകർ ഇവിടെ അദ്ധ്യാപനം നടത്തുന്നു.

| | | |
|---|---|---|
| പ്രീ- പ്രൈമറി | - | 30 |
| തമിഴ് മീഡിയം | - | 35 |
| മലയാളം മീഡിയം | - | 85 |
| ആകെ കുട്ടികൾ | - | 150 |

## അദ്ധ്യാപകർ

Head Mistress -Sr. Mutharasi

**തമിഴ് മീഡിയം**

Std I - Tr.Chithra R

Std II - Sr. Xavier Stella Rani.A

Std III - Sr. Mutharasi

Std IV - Tr.A Selvi Ranjitha Mary

മലയാളം മീഡിയം

Std I &II - Tr.Sreeja.S

Std III - Tr. Aji M Anto

Std IV - Tr.Ajithakumari P.V

പ്രീ- പ്രൈമറി

L.K.G & U.K.G - Vilasini . M

## അദ്ധ്യാപകരുടെ ചുമതലകൾ

Tr. Ajithakumari.P.V

-Staff Secretary, PTA Secretary

A.Selvi Ranjitha Mary

-SRG Convenor

Sr. Xavier Stella Rani.A

-ICT,Kalolsavam, Suraksha Club

Tr.Sreeja.S

- Noon Meal Incharge , Library

Tr. Aji M Anto

- Day Celebration Report, Cleaning, Gothrasaradhi Report

Tr.Chithra R

-Vidhyarangam

Vilasini . M

- Arogya Club

- സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നില്ക്കുന്ന കുടുംബങ്ങളിലെ കുട്ടികളാണ് ഈ വിദ്യാലയത്തിൽ പഠിക്കുന്നത്.
- ഭൂരിഭാഗം കുട്ടികളും തമിഴ്വംശജരായതിനാൽ പ്രാദേശികഭാഷയുടെ സ്വാധീനം പഠനനിലവാരത്തെ ബാധിക്കുന്നു.
- കുടുംബങ്ങളിലെ രക്ഷിതാക്കളുടെ മദ്യപാനം, പുകവലി എന്നിവ കുട്ടികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു.
- സ്കൂളിന് മുൻപിലായി ഗേറ്റും ജൈവവേലിയും നിർമ്മിച്ചിട്ടുണ്ട്.
- എല്ലാ ക്ലാസ്സ് മുറികളും വൈദ്യുതീകരിച്ചിട്ടുണ്ട്.
- ജൈവവൈവിധ്യ ഉദ്യാനം (ചെറിയ കുളം) പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഔഷധസസ്യങ്ങൾ, എന്നിവ ഉണ്ട്.
- പച്ചക്കറിത്തോട്ടത്തിൽ നിന്നു ലഭിക്കുന്ന വിളവുകൾ ഉച്ചഭക്ഷത്തിലുൾപ്പെടുത്തുന്നു.
- സ്കൂളിൽ ലാപ്ടോപ്പ്, പ്രൊജക്ടർ, സ്പീക്കർ എന്നിവ ലഭ്യമായിട്ടുണ്ട്. ക്ലാസ്സ് പ്രവർത്തനങ്ങളിൽ ഇവയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ബി.ആർ.സി വഴി ലഭ്യമായ റാക്കും, ലൈബ്രറി പുസ്തകങ്ങളും ഉപയോഗപ്പെടുത്തി ക്ലാസ്സ്, ലൈബ്രറി ഒരുക്കുകയും വായനയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്തുവരുന്നു.
- ടി.എൽ.എം, ഐ.ടിസി എന്നിവയുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങൾ നടത്തുന്നു.
- എല്ലാ ബുധനാഴ്ചയും വൈകിട്ട് 4 മണിക്ക് എസ്.ആർ.ജി നടത്തുന്നു.
- എല്ലാ മാസവും ആദ്യ ചൊവ്വാഴച സ്റ്റാഫ് മീറ്റിംഗും രണ്ടാമത്തെ വ്യാഴാഴ്ച പി.ടി.എ മീറ്റിംഗും, അവസാനത്തെ വ്യാഴാഴ്ച നൂൺമീൽ മീറ്റിംഗും നടത്തുന്നു.
- എല്ലാ മാസവും അവസാനത്തെ തിങ്കളാഴ്ച ക്ലാസ്സ് പി.ടി.എ സംഘടിപ്പിക്കുന്നു
- പി.ടി.എ യുടെ സഹകരണത്തോടെ എല്ലാ ദിനാചരണങ്ങളും ആഘോഷങ്ങളും നടത്തുന്നു.
- സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും പി.ടി.എ പൂർണ്ണമായി സഹകരിക്കുന്നു.
- സർക്കാർ നടപ്പിലാക്കിയ ഉച്ചഭക്ഷണ പദ്ധതിയിലൂടെ കുട്ടികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം വ്യത്യസ്ത മെനുവച്ച് നൽകിവരുന്നു.

- കുട്ടികളുടെ ഇംഗ്ലീഷ് ഭാഷയോടുള്ള താൽപര്യം വർദ്ധിക്കുന്നതായി ആഴ്ചയിൽ 4 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. ലൈബ്രറി പുസ്തകവായന, ന്യൂസ്, പഴഞ്ചൊല്ലുകൾ, ജനറൽനോളേജ് എന്നിവ ഉൾപ്പെടുത്തുന്നു.
- സ്പോക്കൺ ഇംഗ്ലീഷ് കുട്ടികളെ പരിശീലിപ്പിക്കുന്നു. വായനയ്ക്കും എഴുത്തിനും ചിത്രരചനയ്ക്കും എല്ലാം പഠനപ്രവർത്തനങ്ങൾക്കും ഒരുപോലെ പ്രാധാന്യം നല്കുന്നു.
- കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ നിന്ന് നൽകുകയും കുട്ടികളിൽ വായനശീലം വളർത്തുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ വെല്ലുവിളികൾ

- ഭിത്തികൾ കൊണ്ട് വേർതിരിക്കാത്ത ക്ലാസ്സ് മുറികൾ.
- ഭിന്നശേഷി കുട്ടികൾക്കുള്ള ശുചിമുറികളുടെ അഭാവം.
- ചിൽഡ്രൻസ് പാർക്ക്.
- നല്ല സൗകര്യമുള്ള പാചകമുറി ആവശ്യമാണ്.
- സ്റ്റാഫ് റൂം, ഓഫീസ് റൂം, ലൈബ്രറി എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ.
- സ്കൂൾ ബസ്സിന്റെ അഭാവം.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

**അക്കാദമികം:-**

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്ര പരിപോഷണം പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറിശാക്തീകരണം
- പ്രതിഭാപോഷണ പരിപാടി
- ജൈവവൈവിധ്യ പാർക്ക്
- സാഹിത്യ പോഷണ പരിപാടികൾ

- പഠന യാത്രകൾ
- കലാകായികമേള
- ഐ.ടി പരിശീലനം
- പ്രവൃത്തി പരിചയ പഠനം
- ശാസ്ത്രഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- മെഡിക്കൽ ക്യാമ്പ്
- പോഷകാഹാര പരിപാടി
- ഗണിതലാബ്
- ഭാഷാലാബ്
- ദിനാചരണങ്ങൾ
- കായിക പഠനം
- ടേം മൂല്യ നിർണ്ണയം- നിരന്തരവിലയിരുത്തൽ

## ഭൗതികം

- ചുറ്റുമതിൽ
- കളിസ്ഥലം
- ഭിത്തികൾകൊണ്ടുള്ള ക്ലാസ്സ് മുറി
- ഭിന്നശേഷികുട്ടികൾക്കുള്ള ക്ലാസ്സ് മുറി
- ജന്മദിനത്തിനൊരു പുസ്തകം
- എന്റെ വീട്ടിലുമൊരു കൃഷിത്തോട്ടം
- ഭാഷോത്സവം
- ഗണിതോത്സവം

## സാമൂഹികം:

- പി.ടി.എശക്തിപ്പെടുത്തൽ
- എസ്.എം.സി, എസ്.എം.ഡി.സി കാര്യക്ഷമമാക്കൽ
- വിദ്യാലയവികസന സമിതി
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- എസ്.എസ്.ജി
- എൽ.എസ്.ജി ബന്ധം.
- പൂർവ്വാദ്ധ്യാപകർ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണസ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെസേവനം പ്രയോജനപ്പെടുത്തൽ.
- ഭവന സന്ദർശനം.
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ.

## ഉപസംഹാരം

ശിശു സൗഹൃദമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കാൻ ലക്ഷ്യം വച്ചു കൊണ്ടുള്ള ഒരു മാസ്റ്റർ പ്ലാനാണ് തയ്യാറാക്കിയിരിക്കുന്നത്. സ്കൂളിന്റെ ഭൗതികവും അക്കദമികവും സാമൂഹികവുമായ വികസനത്തിന് ഓരോസമൂഹത്തിനും വൈവിധ്യമാർന്ന ഇടപെടലുകൾ നടത്താൽ സാധിക്കും. ഈ വിദ്ധ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റാൻ ഏവരുടേയും സഹായവും പിന്തുണയും സേവനങ്ങളും അനിവാര്യമാണ്.

കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസത്തിന് ഊന്നൽ നൽകികൊണ്ട് എല്ലാ കുട്ടികളേയും മിടുക്കരാക്കി തീർക്കാനുള്ള പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിദ്യാലയത്തിലേക്ക് കടന്നുവരുന്ന എല്ലാ കുഞ്ഞുങ്ങളും ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട എല്ലാ പഠനനേട്ടങ്ങളും നേടണമെന്ന ലക്ഷ്യത്തോടെയാണ് ഞങ്ങൾ പ്രയത്നിക്കുന്നത്. ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി മികവിന്റെ പടവുകൾതാണ്ടി മുന്നേറുവാനും നന്മകൾ മാത്രമുള്ള ധാരാളം കുട്ടികളെ സമൂഹത്തിന് പ്രദാനം ചെയ്യുവാനും ഈ അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരക്കുമെന്ന് പ്രതീക്ഷിക്കുന്നു.

